കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

116 (4698) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായത് എന്നാണ്, ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവ് ഇറങ്ങി നാളിതുവരെ ആയിട്ടും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്താണ് ;

(സി) യൂണിറ്റിനായി എത്ര തുക അനുവദിച്ചിരുന്നു ; നിർവ്വഹണ ചുമതലയും നിർമ്മാണവും നിക്ഷിപ്തമായിട്ടുള്ളത് ആരിലാണ് ;

(ഡി) യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) 5-2-2013-ലെ ജി.ഒ (ആർ.ടി.)നമ്പർ 114/2013/ടി.ഡി. പ്രകാരമാണ് ഡയാലിസിസ് യൂണിറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവായത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി &സി) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ നിർമ്മിക്കുന്നത് സംബന്ധിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 1,24,33,391 രൂപയുടെ (ഒരു കോടി ഇരുപത്തിനാല് ലക്ഷത്തി മുപ്പത്തിമൂവായിരത്തി മുന്നൂറ്റി തൊണ്ണൂറ്റൊന്ന് രൂപ) എസ്റ്റിമേറ്റ് 17-6-2015-ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് വിശദമായി പരിശോധിച്ച് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല സമിതി അംഗീകരിക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ നിർവ്വഹണ ചുമതലയും നിർമ്മാണവും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഏല്പിച്ചിട്ടുള്ളത്.

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള കാരുണ്യ ഡയാലിസസ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് കാരുണ്യ ബനവലന്റ് ഫണ്ട് സംസ്ഥാനതല സമിതി അംഗീകരിച്ചതിനുശേഷം ആശുപത്രി, കാരുണ്യ ബെനവലന്റ് ഫണ്ട്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്നിവർ ചേർന്നുള്ള Tripartite Agreement ഒപ്പിടുന്നമുറയ്ക്ക് ആകെ എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുന്നതാണ്. ഡയാലിസിസ് സെന്ററിന്റെ പണി പൂർത്തീകരിക്കുന്നമുറയ്ക്ക് ബാക്കി തുകയുടെ 40 ശതമാനം നൽകുന്നതും ഈ തുക നൽകിയതിനുശേഷം നിശ്ചിത തീയതിക്കുള്ളിൽ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly